(ബി) ഉണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്കുള്ള നിയമന ത്തിൽ ഡിഗ്രിക്കാർ, ഡിപ്ലോമക്കാർ, സർട്ടിഫിക്കറ്റുകാർ എന്നിവർക്ക് യഥാ ക്രമം 6:3:1 എന്ന റേഷ്യോ നിലവിലുണ്ട്. ഇപ്രകാരം നേരിട്ടു നിയമനം നടത്തു മ്പോൾ 60%ൽപ്പെട്ട 54% പേർ ഡിഗ്രിക്കാരും ബാക്കി 6% പേർ എഞ്ചിനീയ റിംഗ് ഡിഗ്രി നേടിയിട്ടുള്ള ഡിപ്ലോമക്കാർ ആയിരിക്കും.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്കുള്ള പ്രൊമോഷനിൽ ഡിഗ്രിക്കാരും ഡിപ്ലോമാക്കാരും തമ്മിൽ യഥാക്രമം 3:1 എന്ന റേഷ്യോ പാലിക്കുന്നു.

എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്കുള്ള പ്രൊമോഷനിൽ ഡിഗ്രിക്കാരും ഡിപ്ലോമക്കാരും തമ്മിൽ 95:5 എന്ന റേഷ്യോ പാലിക്കുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന റേഷ്യോ പ്രകാരമാണ് നിയമനവും ഉദ്യോ ഗക്കയറ്റവും നടത്തുന്നത്.

19 (3258) ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ ക്രമക്കേടുകൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-ൽ ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ ക്രമക്കേടുക മായി ബന്ധപ്പെട്ട് സർക്കാർ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടി ട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ക്രമക്കേട് നടന്നതായി പ്രാഥമിക അന്വേഷ ണത്തിൽ തെളിഞ്ഞിട്ടുണ്ടോ;

(സി) എങ്കിൽ ക്രമക്കേടുകൾക്ക് കാരണക്കാരായ ഉദ്യോഗസ്ഥർക്കു മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) വിജിലൻസ് വകുപ്പിൽനിന്നും റിപ്പോർട്ട് ലഭിച്ചിട്ടില്ല.

190 (3261) ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിനുള്ള ഗ്രാന്റ്

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സങ്കേതിക മ്യൂസിയം സർക്കാർ സ്ഥാപനമാണോ;

(ബി) ഈ സ്ഥാപനത്തിന് ഇക്കഴിഞ്ഞ വർഷം സർക്കാർ എത്ര രൂപ ഗ്രാന്റ് നൽകിയിട്ടുണ്ട്;

(സി) മ്യൂസിയത്തിൽ മൊബൈൽ എക്സിബിഷനുവേണ്ടി ബസ്സ് വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഇതിന് എത്ര രൂപ ചെലവായി;

(ഡി) ബസ്സിന്റെ ഡിസൈനിൽവന്ന പാകപ്പിഴ കാരണം മഴവെള്ളം അകത്തു വീഴുന്നതായി പരാതി കിട്ടിയിട്ടുണ്ടോ;

(ഇ) എങ്കിൽ ആയതിനെ സംബന്ധിച്ച് അന്വേഷണം നടത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ബസ്സ് ഉദ്ഘാടനത്തിന് 46,000 രൂപ ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഇനങ്ങളിലാണ് ചെലവഴിച്ചതെന്ന് വിശദീകരിക്കുമോ;

(ജി) വഴിവിട്ട് തുക ചെലവഴിച്ചതായുള്ള ആരോപണം സംബന്ധിച്ച് അന്വേഷണം നടത്തുമോ;

(എച്ച്) മനോഹരമായ കോൺഫറൻസ് ഹാൾ നിലവിലുണ്ടായിരുന്നിട്ടും ബസ്സ് ഉദ്ഘാടനത്തിന്റെപേരിൽ സ്റ്റേജ് നിർമ്മിച്ചതായി രേഖയുണ്ടാക്കി തുക ചെലവഴിച്ച ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) അതെ.

(ബി) 1998-99-ൽ സർക്കാർ സയൻസ് മ്യൂസിയത്തിന് ഗ്രാന്റ് നൽകിയിട്ടില്ല.

(സി) മ്യൂസിയത്തിലെ മൊബൈൽ എക്സിബിഷനുവേണ്ടി അശോക് ലെയ്‌ലാന്റ് ഷാസി അഞ്ചേകാൽ ലക്ഷം രൂപ മുടക്കി വാങ്ങുകയും അതിൻമേൽ ബസ്സ് ബോഡി മുന്നേകാൽ ലക്ഷം രൂപ മുടക്കി 'സിഡ്കോ'യെ കൊണ്ട് നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി)&(ഇ) ബോഡി ബിൽഡിംഗ് കഴിഞ്ഞ് ബസ്സ് മ്യൂസിയത്തിൽ കൊണ്ടു വന്നശേഷം മഴപെയ്തപ്പോൾ ബസ്സിലെ പ്രദർശനവസ്തുക്കൾ പുറത്തു കാണാൻ തുറന്നുവയ്ക്കേണ്ട പ്രത്യേകതരം ജന്നൽ കതകുകൾക്ക് മുകളിൽക്കൂടി ചോർച്ച കാണുകയും ഇത് സിഡ്കോയെ അറിയിക്കുകയും അവർ അത് പരിഹരിക്കുകയും ചെയിതിട്ടുണ്ട്.

(എഫ്) മൊബൈൽ സയൻസ് എക്സിബിഷൻ യൂണിറ്റിന്റെ ഉദ്ഘാടന സമ്മേളനവും അതിനോടനുബന്ധിച്ച പബ്ലിസിറ്റി ചെലവുകൾ ഉൾപ്പെടെ 56,797 രൂപ താഴെ പറയുന്ന ഇനങ്ങളിലായി ചെലവഴിച്ചിട്ടുണ്ട്.

പന്തലും സ്റ്റേജും	-	25,100
മണൽ വിരിക്കൽ, ലൈറ്റുകൾ കമാനങ്ങൾ, ബാനറുകൾ മുതലായവ	-	18,550
ബ്രിക്സ് പ്ലാഗ്	-	7,600
ഇൻവിറ്റേഷൻ	-	1,775
ഫോട്ടോ	-	1,022
മിസ്സെനിയസ് ഐറ്റം	-	2,750
		56,797

(ജി) ഇതു സംബന്ധിച്ച ആരോപണങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) പ്രസ്തുത ചടങ്ങ് നടത്തുന്നതിന് കോൺഫറൻസ് ഹാൾ മതിയാവില്ലായെന്നു കണ്ടതിനാലാണ് പ്രത്യേക സ്റ്റേജ് നിർമ്മിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly